''ഭരണഭാഷ - മാതൃഭാഷ''

വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/17861/15 | ചാക്ക, തിരുവനന്തപുരം
തീയതി: 23.11.2015

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2016 ആദ്യ സെമസ്റ്റർ (റഗുലർ) - അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുന്ന തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജി1/17861/15 നമ്പരായുള്ള 26-10-2015 ലെ വിജ്ഞാപനം.

----------

ആഗസ്റ്റ് 2015 ൽ അഡ്മിഷനായ ട്രെയിനികൾക്ക് ജനുവരി 2016 ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ആദ്യ സെമസ്റ്റർ (റഗുലർ) ആയി പരീക്ഷ എഴുതുന്നതിന് സൂചന പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിച്ച ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈനായി രേഖപ്പെടുത്തുന്നതിനുള്ള തീയതി 23-11-2015 ആയിട്ടായിരുന്നു നിശ്ചയിച്ചിരുന്നത്. ടി തീയതി 30-11-2015 വരെയായി ഇപ്പോൾ ദീർഘിപ്പിച്ചിരിക്കുന്നു. ഇപ്രകാരം അപേക്ഷകൾ ഓൺലൈനായി രേഖപ്പെടുത്തി അതത് സ്ഥാപനമേധാവികൾ ടി വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരിക്കുന്ന രേഖകൾ എല്ലാം തന്നെ ഉൾപ്പെടുത്തി അപേക്ഷകൾ 03-12-2015 നകം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് കൈമാറേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ടി വിജ്ഞാപന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാം തന്നെ പാലിച്ചുകൊണ്ട് ബന്ധപ്പെട്ട രേഖകൾ 5-12-2015 നകം പരീക്ഷാ വിഭാഗത്തിൽ എത്തിക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്താൻ പാടില്ല എന്ന് കർശന നിർദ്ദേശം നൽകാം.

ടി വിവരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

ടി വിജ്ഞാപന പ്രകാരം ഫീസ് ഒടുക്കേണ്ട തീയതിയ്ക്ക് യാതൊരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./ എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/23.11